MATHRUBHUMI - 03-12-2024

# യൂറോപ്യൻ യൂണിയൻ സംഘം സിഫ്റ്റ് സന്ദർശിച്ചു



യൂറോപ്യൻ യൂണിയൻ പ്രതിനിധി സംഘം സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാനും ഡിവിഷൻ മേധാവികളുമായി ചർച്ച നടത്തുന്നു

**തോപ്പുംപടി** ▶ ഇന്ത്യയിലെ യൂറോപ്യൻ യൂണിയൻ പ്രതിനിധി സംഘം കൊച്ചിയിലെ കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ സിഫ്റ്റ് സന്ദർശിച്ചു. റിസർച്ച് ആൻഡ് ഇന്നൊവേഷൻ മേധാവിയായ പിയറിക് ഫിലിയൻ അഷിദയുടെ നേതൃത്വത്തിലാണ് പ്രതിനിധി സംഘം സിഫ്റ്റിലെത്തിയത്. സിഫ്ട് ഡയറക്ടർ ഡോ. ജോർജ് നൈനാനും സിഫ്റ്റിലെ ഡിവിഷൻ മേധാവികളും പ്രതിനിധി സംഘവുമായി ചർച്ചകൾ നടത്തി. അത്യാധുനിക ഗവേഷണങ്ങളും സാങ്കേതികവിദ്യകളും അടുത്തറിയുക, കൂടാതെ യൂറോപ്യൻ യൂണിയൻ, അംഗരാജ്യങ്ങൾ, മുൻനിര ഇന്ത്യൻ ഗവേഷണ സ്ഥാപനങ്ങൾ എന്നിവയ്ക്കിടയിൽ നവീന ശാസ്ത്രസാങ്കേതിക മേഖലകളിൽ ഗവേഷണ പങ്കാളിത്തം വളർത്തുക എന്നിവയാണ് സന്ദർശനത്തിന്റെ ലക്ഷ്യമെന്ന് സിഫ്റ്റ് അധികൃതർ പറഞ്ഞു.